REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 07-11-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- വന്ദേമാതരം ദേശീയ ഗീതത്തിന്റെ ഒരു വർഷം നീളുന്ന 150-ാം വാർഷികാഘോഷങ്ങൾ രാവിലെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.
- ബിഹാർ ആദ്യഘട്ട തിരഞ്ഞെടുപ്പിൽ 64.66 ശതമാനം റെക്കോർഡ് പോളിംഗ്.
- വികസിത ഭാരതത്തിൽ സാമ്പത്തിക വളർച്ചയ്‌ക്കൊപ്പം പ്രകൃതി സംരക്ഷണവും പ്രധാന്യത്തോടെ നടപ്പാക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
- സംസ്ഥാനത്ത് എന്യൂമെറേഷൻ ഫോം വിതരണത്തിന്റെ മൂന്നാം ദിവസവും വോട്ടർമാരിൽ നിന്ന് മികച്ച സഹകരണം ലഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.
- ശബരിമല സ്വർണപ്പാളിക്കേസിൽ മുൻ തിരുവാഭരണ കമ്മീഷണർ KS ബൈജുവിനെ അറസ്റ്റു ചെയ്തു.

## വാർത്തകൾ വിശദമായി

വന്ദേമാതരം ദേശീയ ഗീതത്തിന്റെ ഒരു വർഷം നീളുന്ന 150-ാം വാർഷികാഘോഷം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ഉദ്ഘാടനം ചെയ്യും. വന്ദേമാതര ഗീതം തലമുറകളിൽ രാജ്യസ്നേഹത്തിന്റെ വികാരം ഉണർത്താൻ പ്രചോദനമേകിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)......

വന്ദേമാതരം 150-ാം വാർഷികത്തിന്റെ സ്മരണികാ സ്റ്റാമ്പും, നാണയവും പ്രധാനമന്ത്രി ചടങ്ങിൽ പുറത്തിറക്കും. ഹ്രസ്വ ഡോക്യുമെന്ററി ചിത്രത്തിന്റെ പ്രദർശനവും, വന്ദേമാതര ചരിത്രത്തെക്കുറിച്ച് ക്യുറേറ്റഡ് എക്സിബിഷനും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് പ്രധാനമന്ത്രി പങ്കെടുക്കുന്ന അനുസ്മരണ പരിപാടി. വന്ദേമാതരത്തിന്റെ പൂർണരൂപം പൊതുവേദികളിൽ ചടങ്ങിന്റെ ഭാഗമായി ആലപിക്കും. അടുത്ത വർഷം നവംബർ ഏഴു വരെ നീളുന്ന പരിപാടികളാണ് രാജ്യവ്യാപകമായി സംഘടിപ്പിക്കുന്നത്.

1875 നവംബർ ഏഴിന് അക്ഷയ നവമി ദിനത്തിലാണ് ബങ്കിംചന്ദ്ര ചാറ്റർജി വന്ദേമാതരം എഴുതിയത്. അദ്ദേഹത്തിന്റെ ആനന്ദമഠം എന്ന നോവലിന്റെ ഭാഗമായി ബംഗാദർശൻ സാഹിത്യ മാസികയിലാണ് ആദ്യമായി വന്ദേമാതരം പ്രസിദ്ധീകരിച്ചത്. മാതൃരാജ്യത്തെ ശക്തിയുടെയും, ഐശ്വര്യത്തിന്റെയും, ദൈവികതയുടെയും പ്രതീകമായി കുറിച്ച വരികൾ ഇന്ത്യയുടെ ഐക്യത്തിന്റെയും ദേശാഭിമാനത്തിന്റെയും മാതൃകയായി മാറുകയായിരുന്നു.

✪✪✪

വന്ദേമാതരം ജനതയെ ഒന്നിപ്പിക്കാനും, അടിമത്തത്തിൽ നിന്ന് മോചിതരാകാനും, സ്വാതന്ത്ര്യം നേടിയെടുക്കാനും നിർണായക സ്വാധീനമായതായി കേന്ദ്ര ടൂറിസം സാംസ്കാരിക മന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് പറഞ്ഞു. ന്യൂഡൽഹിയിൽ വന്ദേമാതര പ്രദർശനം ഉദ്ഘാടനം ചെയ്യവെ അദ്ദേഹം വ്യക്തമാക്കി. വന്ദേമാതരത്തിന്റെ ഈണം സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ കൂട്ടായ്മയുടെ മന്ത്രമായി മാറിയെന്നും ഷെഖാവത്ത് പറഞ്ഞു.

✪✪✪

വന്ദേമാതരത്തിന്റെ 150-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ന്യൂനപക്ഷ കാര്യ മന്ത്രാലയം ന്യൂഡൽഹിയിലെ പണ്ഡിറ്റ് ദീൻദയാൽ അന്ത്യോദയ ഭവനിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. കേന്ദ്രമന്ത്രി കിരൺ റിജിജു, കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

വന്ദേമാതര ഗീതത്തിന്റെ സംഘാലാപനവും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗത്തിന്റെ തത്സമയ സംപ്രേഷണവും ചടങ്ങിൽ ഉണ്ടായിരിക്കും.

✪✪✪

വന്ദേ മാതരത്തിന്റെ 150ാം വാർഷികം BJP, യുവജന, സാംസ്കാരിക സംഘടനകളുടേയും സ്കൂളുകളുടേയും ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി ആഘോഷിക്കുമെന്ന് പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് Rശ്രീലേഖ തിരുവനന്തപുരത്ത് അറിയിച്ചു. ഇന്ന് മുതൽ നവംബർ 26 വരെയാണ് ആഘോഷപരിപാടികൾ.

മാരാർജി ഭവനിൽ രാവിലെ സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

ബിഹാർ ഒന്നാംഘട്ട തിരഞ്ഞെടുപ്പിൽ 64.66 ശതമാനം റെക്കോർഡ് പോളിംഗ്. നിതീഷ്കുമാർ ഗവൺമെന്റിലെ 16 മന്ത്രിമാരും, RJD നേതാവും, മഹാഗഡ്ബന്ധൻ മുഖ്യമന്ത്രി സ്ഥാനാർത്ഥിയുമായ തേജസ്വി പ്രസാദ് യാദവും ഉൾപ്പെടെ പ്രമുഖ സ്ഥാനാർത്ഥികൾ ഈ ഘട്ടത്തിൽ ജനവിധി തേടി. അപൂർവ്വം ചില സംഘർഷങ്ങളൊഴിച്ചാൽ വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നുവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അംഗോള - ബോട്സ്വാന സന്ദർശനം നാളെ ആരംഭിക്കും. ഇതാദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി ഈ രാജ്യങ്ങൾ സന്ദർശിക്കുന്നത്. അംഗോള പ്രസിഡന്റുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

നരേന്ദ്രമോദി ഗവൺമെന്റ് സെപ്തംബർ 22 നു പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ എല്ലാ മേഖലയിലും ഗുണകരമായി മാറി കഴിഞ്ഞു. GST നിരക്കുകളിലെ ഇളവ് ജനങ്ങൾക്ക് ഏറെ പ്രയോജനകരമാണ്.

പുതിയ GST നിരക്കുകൾ വിനോദസഞ്ചാര മേഖലയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ആകാശവാണി തയാറാക്കിയ പ്രത്യേക റിപ്പോർട്ട്.

....(വോയ്സ്).....

GST നിരക്കിളവ് യാത്രയും, താമസവുമടക്കം എല്ലാ സാംസ്കാരിക അനുഭവങ്ങൾക്കും പ്രോത്സാഹനമായി മാറിക്കഴിഞ്ഞു. രാത്രി താമസത്തിന് 7,500 രൂപ വാടക ഈടാക്കിയിരുന്ന ഹോട്ടലുകൾക്ക് 12 ശതമാനമായിരുന്ന നികുതി, 5 ശതമാനമാക്കിയത് താമസ ചെലവ് ഗണ്യമായി കുറച്ചു. ഇത് ജനങ്ങളുടെ വാരാന്ത്യ യാത്രയെ പ്രോത്സാഹിപ്പിച്ചു. പൈതൃക ടൂറിസത്തെയും ഇക്കോടൂറിസത്തെയും നടപടി ഉത്തേജിപ്പിച്ചു. ഹോട്ടലുകളിലും ഹോംസ്റ്റേകളിലും കൂടുതൽ മുതൽമുടക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഇളവ് സഹായിച്ചു.

ബസ്സുകളുടെയും മിനി ബസുകളുടെയും GST 28 ശതമാനത്തിൽ നിന്നും 18 ആയി കുറച്ചതോടെ പൊതു വാഹന ഗതാഗതചെലവ് ഗണ്യമായി കുറഞ്ഞു. ഇത് ഫ്ളീറ്റ് -ടൂർ ഓപ്പറേറ്റർമാർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്ന നടപടിയാണ്. ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കാനും, സുസ്ഥിര വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കാനും പരിഷ്കരണ നടപടികൾ വഴിതുറന്നു.

✪✪✪

തമിഴ്നാട്ടിൽ പൊതുയോഗങ്ങൾക്കും, തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കും മാർഗരേഖ തയ്യാറാക്കാൻ ചെന്നൈയിൽ സർവ്വകക്ഷിയോഗം ചേർന്നു. മൂന്ന് മുതിർന്ന മന്ത്രിമാരും ചീഫ് സെക്രട്ടറിയും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. കരൂരിൽ രാഷ്ട്രീയ പാർട്ടി റാലിയ്ക്കിടെ തിക്കിലും തിരക്കിലും 40 ലേറെപ്പേർ മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ മദ്രാസ് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമായിരുന്നു സർവ്വകക്ഷിയോഗം.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കുവൈത്തിലെ മലയാളികളെ അഭിസംബോധന ചെയ്യും. കുവൈറ്റ് മൻസുരായിലെ അൽ അറബി ഇൻഡോർ സ്റ്റേഡിയത്തിലാണ് പരിപാടി.

✪✪✪

വികസിത ഭാരതത്തിൽ സാമ്പത്തിക വളർച്ചയ്ക്കൊപ്പം പ്രകൃതി സംരക്ഷണവും പ്രധാന്യത്തോടെ നടപ്പാക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ആഗോള താപനത്തിന്റെ ഭീഷണി നേരിടാൻ മനുഷ്യരാശിക്ക് മരങ്ങൾ മാത്രമാണ് ആശ്രയമായി മാറുന്നതെന്നും ഗവർണ്ണർ അഭിപ്രായപ്പെട്ടു.

വിദ്യാലയങ്ങളേയും, നാടിനേയും ഹരിതാഭമാക്കാൻ ഏറ്റവും പ്രായം കുറഞ്ഞ പരിസ്ഥിതി പ്രവർത്തക കോഴിക്കോട്ടെ ഒന്നാം ക്ലാസുകാരി റൂഹി മൊഹ്സബിന്റെ 'ട്രീ ബാങ്ക് നഴ്സറി' ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. റൂഹിയോടൊപ്പം സ്കൂളിൽ അദ്ദേഹം വൃക്ഷത്തൈകളും നട്ടു.

കേരളം മുതൽ കാശ്മീർ വരെ 10,000 വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത്, ഓരോ സ്ഥലത്തും ആയിരം വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുകയാണ് ട്രീ ബാങ്ക് നഴ്സറി പദ്ധതിയുടെ ലക്ഷ്യം. ചടങ്ങിൽ ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരിയടക്കം പ്രമുഖർ സംസാരിച്ചു.

✪✪✪

തീവ്രവോട്ടർപട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എന്യൂമെറേഷൻ ഫോം വിതരണത്തിന്റെ മൂന്നാം ദിവസമായ ഇന്നലെയും വോട്ടർമാരിൽ നിന്ന് മികച്ച സഹകരണം ലഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ അറിയിച്ചു. സംശയ നിവാരണത്തിന് നൂറ് കണക്കിന് കോളുകൾ ലഭിക്കുന്നുണ്ട്. ഇന്നലെ രാത്രി എട്ടുവരെ ഏകദേശം 19 ലക്ഷത്തിലേറെ പേർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തു കഴിഞ്ഞു.

എന്യൂമറേഷൻ ഫോം വിതരണത്തിന്റെ വേഗം കൂട്ടാൻ രാത്രിയിലും BLO മാർ വീട്ടിലെത്തുന്ന " Night out with BLO; Democracy Never Sleeps' ക്യാമ്പയിനിന് തിരുവനന്തപുരം രാജാജി നഗറിൽ തുടക്കമിട്ടതായും ഡോ. രത്തൻ ഖേൽക്കർ അറിയിച്ചു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ പാർട്ടികൾക്കും കക്ഷി രഹിതർക്കും ചിഹ്നങ്ങൾ നീക്കി വെച്ചപ്പോൾ കേരളത്തിൽ പരിചിതമായ ചിഹ്നങ്ങൾക്ക് മുൻഗണന നൽകിയതായി സംസ്ഥന തെരഞ്ഞെടുപ്പു കമ്മീഷൻ കേന്ദ്രങ്ങൾ ആകാശവാണിയോടു പറഞ്ഞു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

**.......(വോയ്സ്).........**

**✪✪✪**

**തദ്ദേശ തിരഞ്ഞെടുപ്പിൽ കോഴിക്കോട് കോർപ്പറേഷനിലെ UDF സീറ്റ് വിഭജനം പൂർത്തിയായി. 76 ഡിവിഷനുകളിൽ കോൺഗ്രസ് 49 സീറ്റിലും,, മുസ്ലിം ലീഗ് 25 സീറ്റിലും, CMP രണ്ട് സീറ്റിലും  മത്സരിക്കും.**

**✪✪✪**

**ശബരിമല സ്വർണപ്പാളിക്കേസിൽ മുൻ തിരുവാഭരണ കമ്മീഷണർ KS ബൈജുവിനെ അറസ്റ്റു ചെയ്തു.  കേസിലെ ഏഴാം പ്രതിയായ ബൈജുവിനെ തിരുവനന്തപുരത്തെ ഫ്ലാറ്റിൽ നിന്നാണ്  അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തത്.**

**2019 ൽ  സ്വർണപ്പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിയുടെ പക്കൽ കൊടുത്തുവിടുമ്പോഴും തിരികെ സന്നിധാനത്തെത്തിക്കുമ്പോഴും ബൈജു ആയിരുന്നു തിരുവാഭരണ കമ്മീഷണർ.  ഉണ്ണികൃഷ്ണൻ പോറ്റിക്കൊപ്പമിരുത്തി ബൈജുവിനെ ചോദ്യം ചെയ്ത ശേഷം  റാന്നി മജിസ്ട്രേറ്റ് കോടതിയിൽ ബൈജുവിനെ ഹാജരാക്കുമെന്നാണ് സൂചന. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം നാലായി.**

**✪✪✪**

**ഇന്ത്യൻ ഹോക്കിയുടെ തിളക്കമേറിയ 100 വർഷങ്ങൾ ഇന്ന് രാജ്യവ്യാപകമായി ആഘോഷിക്കുന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്തെ 550 ജില്ലകളിൽ 1,400 ലേറെ മത്സരങ്ങൾ സംഘടിപ്പിക്കും.**

**ന്യൂഡൽഹിയിലെ മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിലെ പ്രത്യേക പരിപാടിയിൽ കേന്ദ്ര മന്ത്രിമാർ പങ്കെടുക്കുന്ന പ്രദർശന മത്സരം നടത്തും.**

**✪✪✪**

**സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ  കണ്ണൂരിൽ വൈകിട്ട്  ഏഴരയ്ക്ക് തൃശ്ശൂർ മാജിക് FC യും,  കണ്ണൂർ വാരിയേഴ്സ് FC യും  ഏറ്റുമുട്ടും. ജവഹർ സ്റ്റേഡിയത്തിലാണ് മത്സരം.**

**✪✪✪**

പുതിയ തൊഴിൽ മേഖലകളിലും, നവീന കൃഷി രീതികളിലും കുടുംബശ്രീ ചുവടുറപ്പിക്കണമെന്ന് മന്ത്രി KN ബാലഗോപാൽ ആവശ്യപ്പെട്ടു. കൊട്ടാരക്കരയിൽ ADS ഭാരവാഹികളുടെ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിഴിഞ്ഞം തുറമുഖം ഒരുക്കുന്ന കയറ്റുമതി സാധ്യതകൾ കുടുംബശ്രീ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് പാലക്കാട്ട് തുടക്കമാകും. മന്ത്രി V.ശിവൻകുട്ടി ശാസ്ത്രോത്സവം ഉദ്ഘാടനം ചെയ്യും. നാല് ദിവസത്തെ മത്സരങ്ങളിൽ 14 ജില്ലകളിൽ നിന്നായി 8,500-ൽ അധികം ശാസ്ത്ര പ്രതിഭകൾ പങ്കെടുക്കും.

✪✪✪

കാസർകോട് ജില്ലാപഞ്ചായത്ത് ജനകീയാസൂത്രണ പരിപാടിയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് മന്ത്രി AK ശശീന്ദ്രൻ തുടക്കമിട്ടു. ഷി ജിം പദ്ധതിയും, വയോജനങ്ങൾക്കും, പാലിയേറ്റീവ് രോഗികൾക്കുമായി ആരംഭിച്ച ജെറിയാട്രിക് ഫുഡും മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Editor & News Reader: : അനിൽ ചന്ദ്രൻ*
*NRTs: രജിന കെ, സാലിം പി*
*DEO : ഷീബ*